**പതിമൂന്നാം കേരള നിയമസഭ**
**<u>പതിനാലാം സമ്മേളനം</u>**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2822** **13.07.2015 ൽ മറുപടിയ്ക്ക്**

## എം.എൽ.എ.മാർക്ക് ഐഡിയാസ് പാസ് വേഡ് നല്കാൻ നടപടി

**ചോദ്യം**
**ശ്രീ.മോൻസ് ജോസഫ്**

(എ) ഇ-ഫയലിംഗ് നടപ്പിലാക്കിയപ്പോൾ എം.എൽ.എ. മാർക്ക് ഫയൽ ഫോളോ അപ് നടത്തുന്നതിന് വലിയ പ്രയാസങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) ഐഡിയാസ് വഴി ഫയലിന്റെ നീക്കം കണ്ടുപിടിക്കുന്നതിന് എം.എൽ.എ. മാർക്ക് പാസ് വേഡ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; ഇതിന്റെ പ്രധാന തടസ്സം എന്തെന്ന് വ്യക്തമാക്കാമോ ;

(സി) ഐഡിയാസിൽ ഇ-ഫയലിംഗിന്റെ ഭാഗമായി എം.എൽ.എ. മാർക്ക് പാസ് വേഡ് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എം.എൽ.എ. ബഹു. മുഖ്യമന്ത്രിക്ക് നൽകിയ 9067/VIP/CM/14 dated 10.10.2014 ലെ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

**മറുപടി**
**ശ്രീ. ഉമ്മൻചാണ്ടി**
**(മുഖ്യമന്ത്രി)**

(എ)യും (ബി)യും (സി)യും ഉണ്ട്. ബഹുമാനപ്പെട്ട എം.എൽ.എയുടെ കത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം വിശദമായി പരിശോധിക്കുകയും ഇ-ഓഫീസ് സോഫ്റ്റ് വെയർ വികസിപ്പിച്ച എൻ.ഐ.സി യുമായി ചർച്ച നടത്തുകയും ചെയ്തു. തുടർന്ന് ഐഡിയാസിന്റെ മാതൃകയിൽ ഇ-ഓഫീസിൽ നിന്നും പൊതുജനങ്ങൾക്ക് ഉൾപ്പെടെ എല്ലാ പേർക്കും ഫയൽ സംബന്ധിച്ച വിവരം ലഭ്യമാകുന്ന സിറ്റിസൺ ഇന്റർഫേസ്, ഡിജിറ്റൽ ഇന്ത്യാ വാരാചരണത്തിന്റെ ഭാഗമായി ജൂലൈ 6 ന് നിലവിൽ വന്നു. ഇന്റർനെറ്റിലെ http://eoffice.kerala.gov.in എന്ന യു.ആർ.എൽ മുഖാന്തിരം പൊതുജനങ്ങൾക്ക് ഇത് ലഭ്യമാകുന്നതാണ്.

**സെക്ഷൻ ഓഫീസർ**